പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.446 | 27.09.2011ൽ മറുപടിയ്ക്ക് |
|---|---|

**അംഗൻവാടി ജീവനക്കാർക്ക് യൂണിഫോം വിതരണ പദ്ധതി**

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. വി.റ്റി.ബൽറാം<br>ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | | | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് കേന്ദ്രസർക്കാർ അംഗൻവാടി ജീവനക്കാർക്ക് അനുവദിച്ച യൂണിഫോം വിതരണ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഈ യൂണിഫോം പദ്ധതിയിലെ ക്രമക്കേടുകൾ സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | ഉണ്ട്. അംഗൻവാടി ജീവനക്കാർക്ക് അനുവദിച്ച യൂണിഫോം സാരികളുടെ ഗുണനിലവാരം തൃപ്തികരമല്ല എന്നു ചൂണ്ടി കാട്ടി ശ്രീ. അബ്ദുൾ ഹമീദ്, മലപ്പുറം ശ്രീ. രാധാകൃഷ്ണൻ, മലപ്പുറം എന്നിവർ സമർപ്പിച്ച പരാതികൾ ലഭിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | ഈ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ ? | (സി) | പരിശോധിച്ച ശേഷം മാത്രമേ തിരുമാനമെടുക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ